# പോലീസ് വകുപ്പ്
## കേരളം

**No. E2(b)-53692/2018/C**

ജില്ലാ പോലീസ് ഓഫീസ്,

കണ്ണൂർ

spknr.pol@kerala.gov.in

04972763330

തീയതി. 29-08-2018

**ലേലപരസ്യം.**

കണ്ണൂർ ജില്ലാ പോലീസ് പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കണ്ണൂർ സായുധസേനവിഭാഗം ഡെപ്യൂട്ടി കമാണ്ടൻറിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ ഉപയോഗശൂന്യമായ വസ്തുക്കൾ 18/09/2018 ന്ന കാലത്ത് 11 മണിക്ക് , മേൽ പറഞ്ഞ ഓഫീസ് പരിസരത്ത് വച്ച് പരസ്യലേലം വഴി വില്പന നടത്തുന്നതാണ്.ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് 1മണിക്കൂർ മുന്പായി മേൽപറഞ്ഞ വസ്തുക്കൾക്കു നിശ്ചയിച്ചിരിക്കുന്ന നിരതദ്രവ്യമായ 6,000/-രൂപ ഡെപ്യൂട്ടി കമാണ്ടൻറിന്റെ കാര്യാലയത്തിൽ അടച്ച രസീതി കൈപ്പറ്റേണ്ടതാണ്.

1.MT Spare Parts---------- 91 Nos.
2.Waste Oil ------------ 1200 Ltrs .
3. Waste Oil Cans . --------------- 100 Nos.
4 Tyres of Various Sizes ------------------ 185 Nos.

മേല്പറഞ്ഞ വസ്തുക്കളുടെ വില്പനക്ക് മുദ്ര വെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ ലേലത്തലേന്ന് 4 PM മണിവരെ ഡെപ്യൂട്ടി കമാണ്ടൻറിൻറെ ആഫീസിൽ സ്വീകരിക്കുന്നതായിരിക്കും. കവറിനു മുകളിൽ ഡിപ്പാർട്ടുമെൻറ് ഉപയോഗശൂന്യമായ വസ്തുക്കൾ എന്നു വ്യക്തമായി എഴുതേണ്ടതാണ്. ചട്ടപ്രകാരമുള്ള ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃതബാങ്കിൽ നിന്നും കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ലേലം കൈക്കൊണ്ടയാൾ മുഴുവൻ ലേലത്തുകയും ഡെപ്യൂട്ടി കമാണ്ടൻറിന്റെ കാര്യാലയത്തിൽ അടച്ച രസീതി കൈപ്പറ്റേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ, ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി വസ്തുക്കൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിന് ഉണ്ടാവുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന ഉപയോഗശൂന്യമായ വസ്തുക്കൾ ലേല തീയ്യതിക്കു മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് ഡെപ്യൂട്ടി കമാണ്ടൻറിൻറെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യുക്തമല്ലെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവെക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേലനടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

ജി ശിവ വിക്രം ഐപിഎസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| പകർപ്പ് | : | സംസ്ഥാന പോലീസ് മേധാവി, കേരള, തിരുവനന്തപുരം, അറിവിലേക്കായി (ആവരണക്കത്ത് സഹിതം) : എല്ലാ പോലീസ് മേധാവികൾക്കും,. പോലീസ് കമ്മീഷണർമാർക്കും ബറ്റാലിയൻ കമാണ്ടൻറുമാർക്കും അറിവിലേക്കും പരസ്യത്തിനുമായി. ; പോലീസ് ഇൻസ്പെക്ടർ ജനറൽ, കണ്ണൂർ റെയിഞ്ച്, കണ്ണൂരിന് അറിവിലേക്കായി. ; സൂപ്രണ്ട്, ഗവ: പ്രസ്സ്, തിരുവനന്തപുരം. ; ഡയറക്ടർ, പബ്ലിക് റിലേഷൻ ഡിപ്പാർട്ട് മെൻറ് ; പോലീസ് സൂപ്രണ്ട്, എം.ടി, പി എച്ച് ക്യൂ, തിരുവനന്തപുരം ; ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, എം.ടി, നോർത്ത് സോൺ, കോഴിക്കോട് ; ഡെപ്യൂട്ടി കമാണ്ടൻറ്, അസി.കമാണ്ടൻറ്, എച്ച് ക്യൂ, മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ,ഡി.എച്ച്.ക്യൂ , കണ്ണൂർ എന്നിവർക്ക് അനന്തരനടപടികൾക്കും റിപ്പോർട്ടിനുമായി അയക്കുന്നു. ; സ്റ്റോക്ക് ഫയൽ ഇ2, ; നോട്ടീസ് ബോർഡ് |